

FRIDAY 26/12/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/12/2025

1. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ളവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 9562304546.

2. ഈ വർഷത്തെ വസന്തോത്സവം വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുമായി ചേർന്ന് കനകക്കുന്ന കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലുമായി നടക്കുന്നു. പുഷ്പാലങ്കാരങ്ങൾ, ഭക്ഷ്യമേള, നാടൻ-ഗോത്രവർഗ്ഗ കലാരൂപങ്ങളുടെ അവതരണം, കാർഷിക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വസ്തുക്കൾ, വിത്തുകൾ, മറ്റ് നടിൽ വസ്തുക്കൾ, ഔഷധ – പുഷ്പഫല സസ്യങ്ങൾ എന്നിവയുടെ പ്രദർശനം, വില്പന, എന്നിവയാണ് വസന്തോത്സവത്തിന്റെ പ്രധാന ആകർഷണം. 2026 ജനുവരി 4 വരെയാണ് വസന്തോത്സവം സംഘടിപ്പിച്ചിട്ടുള്ളത്.

3. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് ഏഴാം ഘട്ടത്തിനും ചർമ രോഗപ്രതിരോധ കുത്തിവയ്പ്പ് മൂന്നാം ഘട്ടത്തിനും സംസ്ഥാനത്ത് തുടക്കമായി. 2026 ജനുവരി 23 വരെ, 30 പ്രവൃത്തി ദിവസം കൊണ്ട് ഈ യജ്ഞം പൂർത്തീകരിയ്ക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴവൻ ഉരുക്കളെയും കുളമ്പുരോഗ കുത്തിവയ്പ്പിന് വിധേയമാക്കും. ചർമ്മ മുഴരോഗ പ്രതിരോധ കുത്തിവെയ്പ്പ് 4 മാസത്തിനു മുകളിൽ പ്രായമുള്ള പശു വർഗ്ഗത്തിൽപ്പെട്ട ഉരുക്കൾക്കു മാത്രമാണ് നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ടീമുകൾ കർഷകരുടെ വീട്ടുപടിക്കൽ എത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

തികച്ചും സൗജന്യമായാണ് ഉരുക്കൾക്കു പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നത്.

## പരിശീലന പരിപാടി

4. സംസ്ഥാന ക്ഷീരസംഗമം 'പടവ് 2025' നോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തിൽ ജില്ലയിലെ സ്കൂൾ വിദ്യാർഥികൾക്കായി ജനുവരി 12, 13, 14 തീയതികളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെൻസിൽ ഡ്രായിംഗ്, ഉപന്യാസ രചന, പെയിന്റിംഗ്, ക്ഷീര പ്രശ്നോത്തരി എന്നിവയാണ് മത്സരയിനങ്ങൾ. യു പി, ഹൈസ്കൂൾ തലങ്ങളിലായാണ് മത്സരങ്ങൾ. രജിസ്ട്രേഷനും വിവരങ്ങൾക്കുമായി ഡിസംബർ 27 ന് വൈകിട്ട് അഞ്ചിനകം ഓച്ചിറ ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രവുമായി ബന്ധപ്പെടണം. ഫോൺ: 8089391209, 0476 2698550.

## കാർഷിക നിർദേശം

തെങ്ങിന് ജലസേചനം തുടങ്ങാൻ സമയമായി. സൂര്യാഘാതത്തിൽ നിന്ന്തെങ്ങിനെ സംരക്ഷിക്കുന്നതിനായി തടിയിൽ കുമ്മായം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തേച്ച്കൊടുക്കുന്നത് നല്ലതാണ്. വിത്തുതേങ്ങ ശേഖരിക്കാൻ സമയമായി. ഇരുപതുവർഷത്തിനുമേൽ പ്രായമുള്ളതും, വർഷത്തിൽ 80 നാളികേരത്തിൽ കുറയാതെ കായ്ക്കുന്നതും, 30ൽ കൂടുതൽ വിടർന്ന ഓലകളും, ഏറ്റവും കുറഞ്ഞത് 12 കുലകളെങ്കിലും ഉള്ളതും, രോഗമില്ലാത്തതുമായ, തെങ്ങിൽ നിന്നുവേണം വിത്തുതേങ്ങ ശേഖരിക്കാൻ. ഇങ്ങനെ സംഭരിച്ച നാളികേരത്തിന്റെ ജലാംശം നഷ്ടപ്പെടാതിരിക്കാൻ മണലിൽ സൂക്ഷിക്കുകയും വേണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം